# 'പവിത്രതയാകുന്ന ഗുണം ധാരണ ചെയ്തു ഡയറക്ടറിന്റെ നിർദേശങ്ങൾക്കനുസരിച്ച് നടന്നുക്കൊണ്ടിരിക്കൂ എങ്കിൽ ദേവതാരാജ്യത്തിൽ എത്തിച്ചേരും'

(പ്രഭാത ക്ലാസ്സിൽ കേൾപ്പിക്കുന്നതിനുള്ള ജഗദംബ മാതാവിന്റെ മധുര മഹവാക്യം)

ഓം ശാന്തി. ഈ ലോകത്തെ നാടകം എന്നും പറയുന്നു, ഡ്രാമയെന്ന് പറഞ്ഞാലും, നാടകമെന്ന് പറഞ്ഞാലും, കളിയെന്ന് പറഞ്ഞാലും കാര്യം ഒന്നു തന്നെയാണ്. നാടകത്തിൽ ഒരു കഥയാണുള്ളത്. അതിൽ ധാരാളം ഉപകഥകൾ (ബൈപ്ലോട്ടുകൾ) ഇടയ്ക്ക് കാണിക്കുന്നു എന്നാൽ കഥ ഒന്നേയുണ്ടാകുള്ളൂ. ഇത്തരത്തിൽ ഇത് പരിധിയില്ലാത്ത വിശ്വ ഡ്രാമയാണ്, ഇതിനെ നാടകമെന്നും പറയുന്നു, ഇതിൽ നമ്മളെല്ലാം അഭിനേതാക്കളാണ്. നമ്മൾ അഭിനേതാക്കളാണെങ്കിൽ അഭിനേതാക്കൾക്ക് നാടകത്തെക്കുറിച്ച് എല്ലാം അറിഞ്ഞിരിക്കണം, ഈ നാടകം ഏതു കഥയിൽ നിന്നാണ് ആരംഭിക്കുന്നത്, നമ്മുടെ പാർട്ട് എവിടെ നിന്ന് തുടങ്ങുന്നു, എപ്പോൾ പൂർണ്ണമാകും, ഓരോ സമയത്തിനനുസരിച്ചു ഏതെല്ലാം അഭിനേതാക്കൾക്ക് ഏതെല്ലാം പാർട്ടുണ്ട്, അതിന്റെ സംവിധായകൻ (ഡയറക്ടർ) രചയിതാവ് (ക്രിയേറ്റർ) ആരാണ്, ഈ നാടകത്തിലെ ഹീറോ ഹീറോയിൻ പാർട്ട് ആരുടേതാണ്, ഈ കാര്യങ്ങളുടെയെല്ലാം അറിവുണ്ടാകണം. വെറുതെ നാടകം എന്ന് പറയുന്നതിലൂടെ കാര്യമാകില്ല. നാടകമാണെങ്കിൽ നാടകത്തിലെ നമ്മൾ അഭിനേതാക്കളുമാണ്. ഏതെങ്കിലും അഭിനേതാവിനോട് നമ്മൾ, ഇതിന്റെ കഥ എന്താണ്, എവിടെന്ന് തുടങ്ങുന്നു, എവിടെ പൂർണമാകും! ചോദിക്കുകയാണെങ്കിൽ അവർ അവർക്കറിയില്ല എന്ന് പറഞ്ഞാൽ ഇതിനെ എന്ത് പറയും? അഭിനേതാവായിട്ട് ഇവർക്ക് ഇത്രയും പോലും അറിയില്ല, എന്ന് പറയില്ലേ. അഭിനേതാവിന് എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുണ്ടാകണമല്ലോ. നാടകം തുടങ്ങീ എങ്കിൽ അതു തീർച്ചയായും അവസാനിക്കുകയും ചെയ്യും. അല്ലാതെ തുടങ്ങി പിന്നെ അങ്ങ് പൊയ്ക്കൊണ്ടിരിക്കും എന്നല്ല. അപ്പോൾ ഈ കാര്യങ്ങൾ ഒക്കെ മനസ്സിലാക്കേണ്ടതാണ്. ഈ പരിധിയില്ലാത്ത നാടകത്തിന്റെ രചയിതാവിനറിയാം ഈ നാടകം എങ്ങനെ തുടങ്ങി, ഇതിലെ മുഖ്യ മുഖ്യ അഭിനേതാക്കൾ ആരെല്ലമാണ്, എല്ലാ അഭിനേതാക്കളിലും ഹീറോ ഹീറോയിൻ പാർട്ട് ആരുടേതാണ്, ഈ കാര്യങ്ങളെല്ലാം ബാബ മനസ്സിലാക്കിത്തരുന്നു.

ഈ അറിവെല്ലാം എല്ലാ ദിവസവും ക്ലാസ്സിൽ വരികയും കേൾക്കുകയും ചെയ്യുന്നവർ മനസ്സിലാക്കുന്നു, അവർക്കറിയമോ ഇതിന്റെ ആദ്യ സംവിധായകൻ രചയിതാവ്(ഡയറക്ടർ ക്രിയേറ്റർ) ആരാണെന്ന്? രചയിതാവ് എന്ന് പറയുന്നത് സുപ്രീം സോളിനെയാണ് (പരമപിതാ പരമാത്മവ്) എന്നാൽ അഭിനേതാവുമാണ്, അവരുടെ പാർട്ട് ഏതാണ്? സംവിധായകന്റെ. അവർ ഒരു പ്രാവശ്യം മാത്രമേ വന്ന് അഭിനേതാവാകുന്നുള്ളു. ഇപ്പൊൾ സംവിധായകനായി പാർട്ടഭിനയിക്കുകയാണ്. അവർ പറയുന്നു ഈ നാടകത്തിന്റെ തുടക്കം ഞാൻ നടത്തുന്നു, എങ്ങനെ? പവിത്രമായ (പ്യൂരിഫെയ്ഡ്) സത്യയുഗിലോകം അതിനെ പുതിയ ലോകമെന്നും പറയുന്നു, ആ പുതിയ ലോകം (ന്യൂ വേൾഡ്) ഞാൻ രചിക്കുന്നു. ഇപ്പൊൾ താങ്കളെല്ലവരും പവിത്രത ധാരണ ചെയ്തു സംവിധായകന്റെ നിർദ്ദേശമനുസരിച്ച് നടക്കുന്ന, അഭിനേതാക്കളെല്ലാം ഇപ്പൊൾ പവിത്രമാകുന്നു, പിന്നീട് ഈ അഭിനേതാക്കളിലൂടെയാണ് അനേകം ജന്മങ്ങളുടെ ചക്രം മുന്നോട്ട് പോകുന്നത്. ഇത് ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്, ഇപ്പൊൾ പവിത്രമാകുന്ന മനുഷ്യർ, അടുത്ത ജന്മത്തിൽ ദേവത രാജ്യത്തിൽ പോകും. ആ രാജ്യം രണ്ടു യുഗം സൂര്യവംശി, ചന്ദ്രവംശി രൂപത്തിൽ നടക്കുന്നു പിന്നെ ആ സൂര്യവംശി ചന്ദ്രവംശി അഭിനേതാക്കളുടെ പാർട്ട് പൂർണ്ണമാകുമ്പോൾ അല്പം താഴോട്ട് വീഴുന്നു അല്ലെങ്കിൽ വാമമാർഗ്ഗത്തിൽ വരുന്നു. പിന്നെ മറ്റു ധർമ്മങ്ങളുടെ അവസരം വരുന്നു, ഇബ്രാഹിം, ബുദ്ധൻ, പിന്നെ ക്രിസ്തു ഈ എല്ലാ ധർമ്മ സ്ഥാപകരും സംഖ്യാക്രമത്തിൽ വന്ന് തന്റെ ധർമ്മം സ്ഥാപിക്കുന്നു.

അപ്പോൾ നോക്കൂ, നാടകത്തിന്റെ കഥ എവിടെനിന്നും തുടങ്ങി എവിടേ പൂർത്തിയാകുന്നു. അതിനിടയിൽ മറ്റുള്ള ഉപകഥകൾ (ബൈപ്ലോട്ട്സ്) എങ്ങനെ നടക്കുന്നു, ഈ എല്ലാ വൃത്താന്തവും ഇരുന്നു മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ ഈ നാടകം പൂർത്തിയാവാൻ പോകുകയാണ്, സാധാരണ നാടകം മൂന്ന് മണിക്കൂറിൽ പൂർത്തിയാകുന്നു, ഇതിന് അയ്യായിരം വർഷമെടുക്കുന്നു. അതിൽ അല്പം വർഷം മാത്രമേ ബാക്കിയുള്ളൂ, അതിന്റെ തയ്യാറെടുപ്പ് നടക്കുകയാണ്. ഇപ്പോൾ ഈ നാടകം പൂർണ്ണമായി പിന്നെയും ആവർത്തിക്കും. ഈ മുഴുവൻ വൃത്താന്തവും ബുദ്ധിയിൽ വേണം, ഇതിനെയാണ് ജ്ഞാനമെന്ന് പറയുന്നത്. നോക്കൂ, ബാബ വന്ന് പുതിയ ഭാരതം, പുതിയ ലോകം ഉണ്ടാക്കുകയാണ്. ഭാരതം പുതിയതായിരുന്നപ്പോൾ ലോകം ഇത്രയും വലുതായിരുന്നില്ല. ഇന്ന് പഴയ ഭാരതമായപ്പോൾ ലോകവും പഴയതായി. ബാബ വരുന്നത്, അവിനാശീ ഖണ്ഡമായ ഭാരതം, നമ്മുടെ പ്രാചീന ദേശത്തിലാണ്. ഇപ്പൊൾ ദേശമെന്ന് പറയുന്നു കാരണം മറ്റുള്ള ദേശങ്ങളിൽ ഇതും ഒരു ഭാഗമായി. എന്നാൽ വാസ്തവത്തിൽ മുഴുവൻ ലോകത്തിലും, മുഴുവൻ

ഭൂമിയിലും ഒരു ഭാരത രാജ്യമായിരുന്നു, അതിനെ പ്രാചീന ഭാരതം എന്ന് പറഞ്ഞിരുന്നു. ആ സമയത്തെ ഭാരതത്തെക്കുറിച്ച് പാടപ്പെട്ടിരുന്നു, സ്വർണ്ണ പക്ഷിയെന്ന്. മുഴുവൻ ഭൂമിയിലും കേവലം ഭാരതത്തിന്റെ മാത്രം നിയന്ത്രണമായിരുന്നു, ഒരു രാജ്യമായിരുന്നു, ഒരു ധർമ്മമായിരുന്നു. ആ സമയം പൂർണ്ണ സുഖമായിരുന്നു, ഇപ്പോഴില്ല, ഇതിനാൽ ബാബ പറയുന്നു ഇതിന്റെ നാശം (ഡിസ്ട്രക്ഷൻ) നടത്തി ഒരു രാജ്യവും, ഒരു ധർമ്മവും, പ്രാചീനമായ അതേ പുതിയ ഭാരതം പുതിയ ലോകം ഉണ്ടാക്കുന്നു. മനസ്സിലായോ. ആ ലോകത്തിൽ ഒരു ദുഖവുമില്ല, ഒരു രോഗവുമില്ല, ഒരിക്കലും ഒരു അകാലമൃത്യുവും ഇല്ല. ഇങ്ങനെയുള്ള ജീവിതം ലഭിക്കുന്നതിന് പുരുഷർത്ഥം ചെയ്യൂ. സൗജന്യമായി ലഭിക്കില്ല. അല്പമെങ്കിലും പരിശ്രമിക്കണ്ടേ. വിതയ്ച്ചാൽ കൊയ്യും. വിതയ്ച്ചില്ലെങ്കിൽ എങ്ങനെ ലഭിക്കും? ഇത് കർമ്മഭൂമിയാണ്, ഈ ഭൂമി കർമ്മങ്ങൾ കൊണ്ട് വിതയ്ക്കണം. എന്ത് കർമ്മം നാം വിതയ്ക്കുന്നോ അതേ ഫലം ലഭിക്കുന്നു. ബാബ കർമ്മങ്ങളുടെ വിത്ത് വിതയ്ക്കുന്നത് പഠിപ്പിക്കുന്നു. കൃഷി ചെയ്യുന്നത് പഠിപ്പിക്കാറില്ലേ, എങ്ങനെ വിത്ത് വിതയ്ക്കണം, എങ്ങനെ സംരക്ഷിക്കണം, അതിനും പരിശീലനം (ട്രെയിനിംഗ്) ലഭിക്കുന്നു. ബാബ വന്ന് നമ്മുക്ക് കർമ്മത്തിന്റെ വിളവിനായി, കർമ്മങ്ങൾ എങ്ങനെ വിതയ്ക്കണം, എന്ന ട്രെയിനിംഗ് നൽകുകയാണ് കർമ്മം എങ്ങനെ ഉയർന്നതാക്കണം എന്ന്, നല്ല വിത്ത് വിതയ്ക്കുകയാണെങ്കിൽ നല്ല ഫലം ലഭിക്കും. കർമ്മമാകുന്ന വിത്തിൽ ശക്തിയില്ലെങ്കിൽ കർമ്മം മോശമായത് വിതയ്ച്ചാൽ ഫലം എന്ത് ലഭിക്കും? അനുഭവിക്കുന്നു പിന്നെ കരയുന്നു. എന്തനുഭവിക്കുന്നോ അതിൽ കരയുകയും ചെയ്യുന്നു, ദുഃഖവും അശാന്തിയുമുണ്ട്. എന്തെങ്കിലും രോഗം മുതലായവയുടെ ഉരസൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു, എല്ലാ കാര്യങ്ങളും മനുഷ്യരെ ദുഃഖിതരാക്കുന്നില്ലേ ഇതിനാൽ ബാബ പറയുന്നു ഇപ്പോൾ താങ്കളുടെ കർമ്മം ഞാൻ ഉയർന്ന നിലവാരത്തിലേത് (ക്വാളിറ്റി) അതായത് ശ്രേഷ്ഠമാക്കുന്നു, ഏതുപോലെ വിത്തിന്റെ നിലവാരമനുസരിച്ച് വിളവെടുപ്പുണ്ടാകുന്നത്, പിന്നെ അതിൽ നിന്നും നല്ല ഫലം വരും. വിത്തിന്റെ നിലവാരം നല്ലതല്ലായെങ്കിൽ നല്ല നിലവാരമുള്ള ഫലം ലഭിക്കില്ല. നമ്മുടെ കർമ്മത്തിനും നല്ല നിലവാരം വേണമല്ലോ. ബാബ ഇപ്പോൾ നമ്മുടെ കർമ്മമാകുന്ന വിത്തിനെ നല്ല നിലവാരമുള്ളതാക്കുന്നു. ശ്രേഷ്ഠ നിലവാരമുള്ള വിത്ത് വിതയ്ച്ചാൽ ശ്രേഷ്ഠ ഫലം ലഭിക്കും. തന്റെ കർമ്മങ്ങളുടെ വിത്തിനെ നല്ലതാക്കൂ എന്നിട്ട് നന്നായി വിതയ്ക്കാനും പഠിക്കൂ. ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി ഇനി തന്റെ പുരുഷാർത്ഥം ചെയ്യൂ.
ശരി, ഇനി രണ്ടു മിനുട്ട് നിശ്ശബ്ദരായിരിക്കൂ (സൈലൻ്റ്). സൈലൻസ് എന്നാൽ ഞാൻ ആത്മാവാണ്, ആദ്യം സൈലൻസ് പിന്നെ ടാക്കീയിലേക്ക് (സംസാരത്തിലേക്ക്) വരുന്നു. ബാബ പറയുന്നു ഇപ്പോൾ നിശ്ശബ്ദലോകത്തിലേക്ക് പോകണം (സൈലൻസ് വേൾഡ്) അപ്പോൾ നിശ്ശബ്ദമാകണം, ശാന്തി എന്റെ സ്വധർമ്മമാണ്. ഈ നിശ്ശബ്ദതയിലേക്ക് പോകുന്നതിന് പറയുന്നു – ഈ ദേഹത്തിന്റെയും, ദേഹം ഉൾപ്പടെയുള്ള ദേഹത്തിന്റെ സകല ബന്ധങ്ങളുടെയും മമത്വം (അറ്റാച്ച്മെൻ്റ്) വിടണം, ഇതിൽ നിന്നും മാറി വേറിട്ട് (ഡിറ്റാച്ച്) നിൽക്കൂ. പരമാത്മാവിന്റെ കുട്ടി  എന്നെ ഓർമ്മിക്കൂ എന്റെ ധാമത്തിലേക്ക് വരൂ. ഇനി തിരിച്ചു പോകുന്നതിന് ശ്രദ്ധിക്കൂ, തിരികെ വരുന്നതിനെ കുറച്ച് ചിന്തിക്കണ്ട അന്തിമ മനം പോലെ ഗതി. (അന്ത്മതി സോ ഗതി) ഇനി ആരിലും മമത്വം വേണ്ട. ശരീരത്തിനോടുമുള്ള മമത്വം വിടു. മനസ്സിലായോ. ഇതുപോലെ തന്റെ ധാരണ ഉണ്ടാക്കിയെടുക്കണം ശരി, ഇനി സൈലൻസിൽ ഇരിക്കൂ. നടക്കുമ്പോഴും തിരിയുമ്പോഴും സൈലൻസ്, സംസാരിക്കുമ്പോഴും സൈലൻസ്. സംസാരിക്കുമ്പോഴും എങ്ങനെ സൈലൻസിൽ ഉണ്ടാകും? അറിയാമോ? സംസാരിക്കുമ്പോഴും നമ്മുടെ ബുദ്ധിയോഗം ഞാൻ ആത്മാവാണ് ആദ്യത്തെ പവിത്രാത്മാവാണ്, നിശ്ശബ്ദ ആത്മാവാണ് (ഐ അം സോൾ, ഫസ്റ്റ് പ്യൂവർ സോൾ അല്ലെങ്കിൽ സൈലൻസ് സോൾ) ഇത് ഓർമ്മിക്കണം. സംസാരിക്കുമ്പോൾ നമ്മളിൽ ഈ അറിവുണ്ടായിരിക്കണം ഞാൻ ആത്മാവാണ് ഈ കർമ്മേന്ദ്രിയങ്ങളിലൂടെ (ഓർഗൻസിലൂടെ) സംസാരിക്കുന്നു. ഇത് നമ്മുടെ പ്രാക്ടീസായിരിക്കണം, ഇതിന്റെ ആധാരം എടുത്താണ് സംസാരിക്കുന്നത് എന്ന രീതിയിൽ. അടുത്തത് കണ്ണുകളുടെ ആധാരം എടുക്കുന്നു, കാണുന്നു. ഏതിന്റെ ആവശ്യമാണോ അതിന്റെ ആധാരമെടുത്ത് കാര്യം ചെയ്യൂ. ഇങ്ങനെ ആധാരമെടുത്ത് കാര്യം ചെയ്യുന്നതിലൂടെ വളരെ സന്തോഷമുണ്ടാകും, ഒരു തെറ്റായ കാര്യവും ഉണ്ടാകില്ല. ശരി
ഇങ്ങനെ ബാപ്ദാദയുടെയും അമ്മയുടെയും മധുര മധുരമായ വളരെ നല്ല, സദാ സൈലൻസിന്റെ അനുഭവം ചെയ്യുന്ന കുട്ടികൾക്ക് സ്നേഹസ്മരണയും സുപ്രഭാതവും. ശരി.

സന്ദേശിയുടെ ശരീരത്തിലൂടെ സർവ്വ ശക്തിവാൻ (ആൾമൈറ്റി) പിതാവ് ഉച്ചരിച്ച മഹാവാക്യങ്ങൾ (മതേശ്വരിജിക്ക് വേണ്ടി)
അല്ലയോ ശിരോമണിയായ രാധാ പുത്രി, നിങ്ങൾ രാത്രിയും പകലും എനിക്ക് സമാനം ദിവ്യ കാര്യങ്ങളിൽ തൽപരരായിരിക്കുന്നു അർത്ഥം വൈഷ്ണവ ശുദ്ധ സ്വരൂപമാണ്, ശുദ്ധ സേവനം ചെയ്യുന്നു അതിനാൽ സാക്ഷാൽ എന്റെ സ്വരൂപമാണ്. ഏതു കുട്ടികൾ തന്റെ പിതാവിന്റെ കാൽവെയ്പുകൾ (ഫുറ്റ്സ്റ്റെപ്സ്) എടുക്കുന്നില്ലയോ അവരിൽ നിന്നും ഞാൻ തികച്ചും ദൂരെയാണ് കാരണം കുട്ടിയാണെങ്കിൽ പിതാവിനെ

പോലെയായിരിക്കണം. ഈ നിയമം ഇപ്പൊൾ സ്ഥാപിതമാവുകയാണ് ഇത് സത്യയുഗം ത്രേത വരെ നടക്കുന്നു, എങ്ങനെയാണോ അച്ഛൻ അതുപോലെ കുട്ടി. എന്നാൽ ദ്വപര കലിയുഗത്തിൽ ഏതു പോലെ അച്ഛൻ അതുപോലെ കുട്ടി ആയിരിക്കില്ല. ഇപ്പൊൾ കുട്ടികൾക്ക് അച്ഛനെ പോലെ ആകുവാൻ പരിശ്രമിക്കേണ്ടി വരുന്നു, എന്നാലവിടെ സ്വഭാവികമായും നിയമമുണ്ട് ഏതുപോലെ അച്ഛൻ അതുപോലെ കുട്ടി എന്ന്. ഈ അനാദി നിയമം ഈ സംഗമസമയം ഈശ്വരൻ പിതാവ് പ്രത്യക്ഷമായി സ്ഥാപിക്കുന്നു.
2) മധുരമായ പൂന്തോട്ടക്കാരന്റെ മധുരമായ മധുര ദിവ്യ പുരുഷർത്ഥി മകളെ, ഇനി നിനക്ക് വളരെ രമണീകവും മധുരമുള്ളതും ആകണം, ആക്കണം. വിശ്വ രാജ്യത്തിന്റെ ചാവി സെക്കൻഡിൽ പ്രാപ്തമാക്കുക മറ്റുള്ളവരെയും അതിനായി യോഗ്യരാക്കുക എന്നുള്ളത് നിങ്ങളുടെ കൈയ്യിലാണ്. നോക്കൂ, എല്ലാ മനുഷ്യരുടെയും അധികാരിയായ സർവ്വശക്തിമാൻ പ്രത്യക്ഷത്തിൽ ഈ കർമ്മ ക്ഷേത്രത്തിൽ വരുമ്പോൾ മുഴുവൻ സൃഷ്ടിയും ഹാപ്പി ഹൗസ് ആയി മാറുന്നു. ഈ സമയം ആ ജീവജാലങ്ങളുടെ അധികാരി അവ്യക്ത രീതിയിൽ സൃഷ്ടിയെ നയിക്കുകയാണ്. എന്നാൽ എപ്പോൾ പ്രത്യക്ഷ രൂപത്തിൽ ദേഹധാരിയായി അധികാരത്തിൽ കർമ്മക്ഷേത്രത്തിൽ വരുന്നു അപ്പോൾ സത്യ ത്രേതായുഗത്തിന്റെ സമയം എല്ലാ ജീവജാലങ്ങളും സുഖിയായി തീരുന്നു. അവിടെ സത്യതയുടെ സഭ തുറന്നിരിക്കുന്നു. ആര് ഈശ്വരീയ സുഖം പ്രാപ്തമാക്കാനായി പുരുഷാർത്ഥം ചെയ്തുവോ അവർക്ക് അവിടെ സദാ കാലത്തേക്ക് സുഖം പ്രാപ്തമാകുന്നു. ഈ സമയം എല്ലാ ജീവജാലങ്ങൾക്കും സുഖദാനം ലഭിക്കുന്നില്ല, പുരുഷാർത്ഥമാണ് പ്രാലബ്ധത്തെ ആകർഷിക്കുന്നത്. ആർക്കണോ ഈശ്വരനോട് യോഗമുള്ളത് അവർക്ക് ഈശ്വരനിൽ നിന്നും സമ്പൂർണ്ണ സുഖദാനം ലഭിക്കുന്നു.
3) ആഹാ നിങ്ങൾ ആ ശക്തിയാണ് ആരാണോ തന്റെ ഈശ്വരീയ ശക്തിയുടെ വർണ്ണം കാണിച്ച് ഈ ആസുരീയ ലോകത്തിന്റെ വിനാശം ചെയ്തു ദൈവി ലോകം സ്ഥാപിക്കുന്നത്, അതിന് ശേഷം എല്ലാ ശക്തികളുടെയും മഹിമയുണ്ടാകുന്നു. ഇപ്പൊൾ ആ ശക്തി നിങ്ങളിൽ നിറയ്ക്കുകയാണ്. നിങ്ങൾ സദാ തന്റെ ഈശ്വരീയ ബലത്തിലും ആത്മീയതയുടെ സ്റ്റേജിൽ ഇരിക്കൂ എങ്കിൽ സദാ അപാര സന്തോഷത്തിലിരിക്കും. നിത്യവും ഹർഷിതമുഖം. നിങ്ങൾക്ക് ലഹരി വേണം ഞാൻ ആരാണ് എന്ന്! ആരുടേതാണ്? നമ്മുടെ എത്ര സൗഭാഗ്യമാണ്? എത്ര വലിയ പദവിയാണ്? ഇപ്പൊൾ നിങ്ങൾ ആദ്യം സ്വയം തന്റെ സ്വരാജ്യം പ്രാപ്തമാക്കുന്നു പിന്നെ സത്യയുഗത്തിന്റെ യുവരാജാവാകും. അപ്പോൾ എത്ര ലഹരി വേണം! ഈ തന്റെ ഭാഗ്യം കണ്ട് സന്തോഷത്തിലിരിക്കൂ, തന്റെ ഭാഗ്യം (ലക്ക്) നോക്കൂ, അതിലൂടെ എത്ര ഉയർന്ന ലോട്ടറിയാണ് ലഭിക്കുന്നത്. ആഹാ, എത്ര ശ്രേഷ്ഠമാണ് നിന്റെ ഭാഗ്യം ഈ ഭാഗ്യത്തിലൂടെ വൈകുണ്ഠത്തിന്റെ ലോട്ടറി ലഭിക്കുന്നു. മനസ്സിലായോ ഏറ്റവും ഭാഗ്യശാലിയായ ദൈവീ പുഷ്പമായ കുട്ടീ.
4) ഈ പ്രസന്നമായ സംഗമ സമയത്ത് സ്വയം നിരാകാരനായ പരമാത്മാവ് സാകാരത്തിൽ വന്ന് ഈ ഈശ്വരീയ ഫാക്ടറി തുറന്നിരിക്കുന്നു, ഇവിടെ നിന്ന് ഏതു മനുഷ്യനും തന്റെ വിനാശി ചവറുകൾ നൽകി അവിനാശി ജ്ഞാനരത്നങ്ങൾ എടുക്കാൻ സാധിക്കും. ഈ അവിനാശീ ജ്ഞാന രത്നങ്ങളുടെ ഇടപാട് അതിസൂക്ഷ്മമാണ്, ഇത് ബുദ്ധികൊണ്ടാണ് വാങ്ങേണ്ടത്. ഇത് കണ്ണ് കൊണ്ട് കാണാൻ സ്ഥൂലമായ വസ്തുവല്ല, എന്നാൽ മഹീനവും ഗുപ്തവും ഒളിഞ്ഞിരിക്കുന്നതുമായത് കാരണം ആർക്കും ഇത് മോഷ്ടിക്കാൻ സാധിക്കില്ല. ഇങ്ങനെ സർവോത്തമമായ ജ്ഞാന സമ്പത്ത് പ്രാപ്തമാകുന്നതിലൂടെ അതി നിർസങ്കൽപ്പവും, സുഖദായി അവസ്ഥയും ഉണ്ടാകും. എപ്പോൾ വരെ ഈ അവിനാശി ജ്ഞാന സമ്പത്ത് വങ്ങിയിട്ടില്ലയോ അപ്പോൾ വരെ നിശ്ചിന്തവും, അല്ലലില്ലാതെയും, നിർസങ്കൽപവും ആകാൻ സാധിക്കില്ല ഇതിനാൽ ഈ അവിനാശി ജ്ഞാന രത്നങ്ങളുടെ സമ്പാദ്യം ശേഖരിച്ച് തന്റെ ബുദ്ധിയാകുന്ന സൂക്ഷ്മ അലമാരിയിൽ ധാരണ ചെയ്ത് നിത്യവും നിശ്ചിന്തം ആയിരിക്കണം. വിനാശി ധനത്തിൽ ദുഃഖം അടങ്ങിയിരിക്കുന്നു അവിനാശി ജ്ഞാന ധനത്തിൽ സുഖം അടങ്ങിയിരിക്കുന്നു.
5) ഏതു പോലെ സൂര്യൻ സാഗരത്തിലെ ജലം വലിച്ച് അതു ഉയർന്ന പർവ്വതങ്ങളിൽ വർഷിക്കുന്നു, ഇതും ഡയറക്ട് ഈശ്വരനിൽ നിന്നുമുള്ള മഴയാണ്. പറയാറുണ്ട് ശിവന്റെ ജഡകളിൽ നിന്നും ഗംഗ ആവിർഭവിക്കുന്നുവെന്ന്. ഇവരുടെ മുഖാരവിന്ദത്തിൽ നിന്നും ജ്ഞാനാമൃതധാര വർഷിക്കുകയാണ്, ഇതിനെ തന്നെയാണ് അവിനാശി ഈശ്വരീയധാര എന്ന് പറയുന്നത്, ഇതിലൂടെ നിങ്ങൾ ഭഗീരഥപുത്രർ പവിത്രരായി, അമരന്മാർ ആകുകയാണ്. ഇത് കിരീടധാരിയാകുന്നതിനുള്ള അത്ഭുതകരമായ മണ്ഡലിയാണ്, ഇവിടെ ഏതു നരനും നാരിയും വരുമോ അവർ കിരീടധാരിയായിത്തീരും. ലോകത്തെയും മണ്ഡലി എന്ന് പറയും. മണ്ഡലം അർത്ഥം സ്ഥാനം, ഈ മണ്ഡലി എവിടേ നിലകൊള്ളുന്നു? ഓം ആകാരത്തിൽ അർത്ഥം അഹം സ്വധർമ്മത്തിൽ, ബാക്കി മുഴുവൻ ലോകവും സ്വധർമ്മം മറന്നു പ്രകൃതിയുടെ ധർമ്മത്തിൽ നിലനിൽക്കുന്നു. നിങ്ങൾ ശക്തികൾ പ്രകൃതിയെ മറന്നു തന്റെ സ്വ ധർമ്മത്തിൽ നിൽക്കുന്നു.

6) ഈ ലോകത്തിലെ എല്ലാ മനുഷ്യരും നിരാകാരനായ ഈശ്വരനെ ഓർമ്മിക്കുന്നു, ആരെയാണോ കണ്ണുകൾ കൊണ്ട് കണ്ടിട്ടില്ലാത്തത് ആ നിരാകാരനോട് ഇത്രയും അതി സ്നേഹം ഉണ്ട് അതിനാൽ പറയുന്നു ഹേ ഈശ്വരാ സ്വയം തന്നിൽ എന്നെ ലീനമാക്കൂ, എന്നാൽ എത്ര അത്ഭുതമാണ് സ്വയം ഈശ്വരൻ സാകാരത്തിൽ പ്രത്യക്ഷമായിരിക്കുകയാണ് എന്നിട്ടും തിരിച്ചറിയുന്നില്ല. ഈശ്വരന് വളരെ പ്രിയ ഭക്തരുണ്ട് അവർ പറയുന്നു എവിടെ നോക്കിയാലും അവിടെ നീയോ നീ മാത്രമാണ്. അവർക്ക് കാണാൻ സാധിച്ചില്ലെങ്കിലും ബുദ്ധിയോഗം കൊണ്ട് ഈശ്വരൻ സർവ്വത്രയുണ്ട് എന്ന് ചിന്തിക്കുന്നു. എന്നാൽ നിങ്ങൾ അനുഭവത്തിൽ നിന്നും പറയുന്നു സ്വയം നിരാകാരനായ ഈശ്വരൻ പ്രാക്ടിക്കലിൽ സാകാരത്തിൽ ഇവിടെ വന്നിരിക്കുകയാണ്. ഇപ്പൊൾ സഹജമായി തന്നെ നിങ്ങൾക്ക് എന്നെ വന്നു കാണാൻ സാധിക്കും. എന്നാൽ എന്റെ പല കുട്ടികളും സാകാരത്തിൽ പ്രഭു പിതാവിനെ അറിയുന്നില്ല. അവർക്ക് നിരാകാരൻ അതി മധുരമായി തോന്നുന്നു എന്നാൽ ആ നിരാകാരൻ, ഇപ്പൊൾ സാകാരത്തിൽ പ്രത്യക്ഷമാണ്, അവരെ തിരിച്ചറിയുന്നുവെങ്കിൽ എത്ര പ്രാപ്തിയുണ്ടാകുമായിരുന്നു, കാരണം പ്രാപ്തി എന്തായാലും സാകാരത്തിലൂടെയാണല്ലോ. ബാക്കി ഈശ്വരനെ ദൂരെയുള്ള നിരാകാരനെന്ന് മനസ്സിലാക്കുന്നവർ കാണുന്നവർ അവർക്കൊരു പ്രാപ്തിയുമില്ല അവരാണ് ഭക്തർ, അവർക്ക് ജ്ഞാനമില്ല. ഇപ്പൊൾ സാകാര പ്രഭു പിതാവിനെ അറിയുന്ന ജ്ഞാനി കുട്ടികൾ, സർവ്വ ദൈവിക ഗുണങ്ങളുടേയും സുഗന്ധം നിറഞ്ഞ സ്വീറ്റ് പുഷ്പം, തന്റെ പ്രഭൂ പിതാവിന് മേൽ തന്റെ ജീവൻ തന്നെ അർപ്പിക്കുന്നു, ഇതിലൂടെ ജന്മ ജന്മാന്തരമായി സമ്പൂർണ്ണ ദേവത ദിവ്യ ശോഭനികമായ ശരീരം പ്രാപ്തമാകുന്നു.

7) സ്വയത്തെ അറിയുന്നതിലൂടെ തന്നെയാണ് നിങ്ങൾക്ക് ശരി തെറ്റിന്റെയും, സത്യ അസത്യത്തിന്റെയും തിരിച്ചറിവ് വരുന്നത്. ഈ ഈശ്വരീയ ജ്ഞാനത്തിലൂടെ സത്യം പറയുന്നവരാകുന്നു, ഇതിലൂടെ ഒരു സംഗ ദോഷത്തിലും പെടില്ല. സ്വയം അജ്ഞാനത്തിലുളളവരുടെ മേലാണ് സംഗദോഷത്തിന്റെ നിഴൽവീഴുന്നത്. ഈ സമയത്ത് സത്യത്തിന്റെ കാലമേയല്ല ഇതിനാൽ ആരുടെയും വാക്കുകളിൽ വിശ്വാസം വെയ്ക്കാതെ അവരിൽ നിന്നും എഴുതി മേടിക്കുന്നു. മനുഷ്യരുടെ വാക്കുകൾ അസത്യമായത് വരുന്നു, സത്യമാണെങ്കിൽ അവരുടെ മഹാവാക്യം പൂജിക്കപ്പെട്ടേനെ. ഏതു പോലെ ഡിവൈൻ പിതാവിന്റെ സത്യ മഹാവാക്യങ്ങളുടെ ശാസ്ത്രം ഉണ്ടാക്കിയിരിക്കുന്നു, ഇതിന്റെ മഹിമയും പൂജയും നടക്കുന്നു. അവരുടെ സത്യ മഹാവാക്യങ്ങൾ ധാരണ ചെയ്യുന്നതിലൂടെ ഈശ്വരീയ നിലവാരം വരുന്നു. ഇത്ര മാത്രമല്ല, ചിലർ പഠിച്ചു പഠിച്ചു ശ്രീ കൃഷ്ണന്റെയും ബ്രഹ്മാവിന്റെയും സാക്ഷാത്കാരവും എടുക്കുന്നു.

ഓഹോ, പവിത്ര കമലഹൃദയാ, പവിത്ര കമലഹസ്ത, പവിത്ര കമലനയന മകളെ രാധേ, നിന്റെ മുഴുവൻ ശരീരവും മാറി കമല പുഷ്പ സമാനം കോമളവും സ്വർണ്ണവും ആയിരിക്കുകയാണ്. എന്നാൽ ആദ്യം ആത്മാവ് സ്വർണ്ണമാകുമ്പോഴാണ് മുഴുവൻ ശരീരവും സ്വർണ്ണവും പവിത്രവും ആകുന്നത്. ഈ പവിത്ര കോമള ശരീരത്തിൽ അതി ആകർഷണം നിറഞ്ഞിരിക്കുകയാണ്. നിങ്ങൾ പരമേശ്വര പിതാവിലൂടെ അജ്ഞാന അന്ധകാരത്തെ അണച്ചു ജ്ഞാന വെളിച്ചത്തെ ഉണർത്തി അതി ശീതളരൂപം ആയിരിക്കുകയാണ്. സ്വയം ശീതള രൂപമായി പിന്നെ മറ്റു കൂട്ടരെയും ഇതുപോലെ സത്യമായ ശീതളത ദാനം ചെയ്യുന്നതിന് വേണ്ടി ഈ പ്രസന്ന സംഗമ സമയത്ത് നിമിത്തമായിരിക്കുകയാണ്. നിങ്ങളുടെ മൂർത്തികലിൽ നിന്നും മുഴുവൻ ലോകത്തിനും ശീതളതയുടെയും ശാന്തിയുടെയും ദാനം ലഭിച്ചു കൊണ്ടിരിക്കുന്നു. ഇനി നിങ്ങൾ മുഴുവൻ സൃഷ്ടിയെ സൽവേഷനിൽ കൊണ്ട് വന്നു അന്തിമത്തിൽ തന്റെ ദിവ്യപ്രഭ കാട്ടി, പുതു വൈകുണ്ഠ സ്വർണ്ണിമ പൂന്തോട്ടത്തിൽ പോയി വിശ്രമിക്കും. ശരി.

## വരദാനം: ‘ബാബ’ വാക്കിന്റെ ചാവി കൊണ്ട് സർവ്വ സമ്പത്തും പ്രാപ്തമാക്കുന്ന ഭാഗ്യവാൻ ആത്മാവായി ഭവിക്കട്ടെ.

ജ്ഞാനത്തിന്റെ പല വിസ്താരത്തെക്കുറിച്ച് അറിഞ്ഞില്ലെങ്കിലും, കേൾപ്പിക്കാൻ സാധിക്കുന്നില്ലെങ്കിലും, ഒരു വാക്ക് ‘ബാബ’ എന്നത് ഹൃദയം കൊണ്ട് അംഗീകരിച്ചു, ഹൃദയം കൊണ്ട് കേൾപ്പിച്ചുവെങ്കിൽ വിശേഷാത്മാവായി, ലോകത്തിന് മുന്നിൽ മഹാത്മാവ് എന്ന് സ്വരൂപത്തിൽ മഹിമായോഗ്യമായി കാരണം ‘ബാബ’ എന്ന വാക്ക് തന്നെയാണ് സർവ്വ സമ്പത്തുകളുടെയും ഭാഗ്യത്തിന്റെയും ചാവി. ചാവി ഉപയോഗിക്കാനുള്ള വഴിയാണ് ഹൃദയപൂർവ്വം അറിയുക, അംഗീകരിക്കുക. ഹൃദയം കൊണ്ട് പറയൂ ബാബ അപ്പോൾ സമ്പത്ത് സദാ ഹാജരാണ്.

## സ്ലോഗൻ:- ബാപ്ദാദയോട് സ്നേഹമുണ്ടെങ്കിൽ ആ സ്നേഹത്തിൽ പഴയ ലോകം ത്യാഗം ചെയ്യൂ.